**13-ാം കേരള നിയമ സഭ**

**2-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 591** 28.09.2011 -ൽ മറുപടി നൽകേണ്ടിയിരുന്നത്

**മെഡിക്കൽ കോളേജുകളിലെ തിരക്ക് നിയന്ത്രിക്കാൻ നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. അബ്ദുൾ റഹിമാൻ രണ്ടത്താണി** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) റഫറൽ സംവിധാനം നടപ്പിലാക്കിയിട്ടും സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ രോഗികളുടെ തിരക്ക് നിയന്ത്രിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇതു പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളും; | (ബി) മെഡിക്കൽ കോളേജാശുപത്രികളിൽ എത്തുന്ന രോഗികൾക്ക് ആർദ്രം മിഷന്റെ ഭാഗമായ ഇ-ഹെൽത്ത് പദ്ധതി പ്രകാരം ക്യൂ നിൽക്കാതെ ചികിത്സ ലഭ്യമാക്കുവാൻ വേണ്ടുന്ന ഓൺലൈൻ സംവിധാനം നടപ്പിലാക്കി വരികയാണ്. ഇ-ഹെൽത്ത് പദ്ധതി പൂർണ്ണമായും നടപ്പിലാക്കി കഴിയുമ്പോൾ രോഗികൾക്ക് പരിശോധന നടത്തി ഡോക്ടർ നിശ്ചയിക്കുന്ന ചികിത്സാ വിവരങ്ങൾ എല്ലാ വാർഡുകളിലും കമ്പ്യൂട്ടർ മുഖാന്തരം ഓൺലൈനായി ലഭ്യമാക്കുവാനും ഡ്യൂട്ടി ഡോക്ടർമാർക്ക് ചികിത്സാ വിവരങ്ങൾ യഥാസമയം നിരീക്ഷിച്ച് രോഗികൾക്ക് വേണ്ടത്ര ചികിത്സ ലഭ്യമാക്കുവാനും സാധിക്കും. ഒരു തവണ ഒ.പി യിൽ ഡോക്ടറെ കണ്ട് ചികിത്സ നേടിയ രോഗിയ്ക്ക് വീണ്ടും വരേണ്ടുന്ന തീയതിയും സമയവും മുൻകൂട്ടി അറിയിച്ച് ടോക്കൺ നൽകാൻ സാധിക്കുക വഴി കാത്തിരിപ്പ് പൂർണ്ണമായും ഒഴിവാക്കാൻ കഴിയും. |

.....2

(സി) മെഡിക്കൽ കോളേജുകൾക്ക് താഴെയുള്ള ആശുപത്രികളിലെ സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി മെഡിക്കൽ കോളേജുകളെ പൂർണ്ണമായും റഫറലായിത്തന്നെ നിലനിർത്തുമോ; വിശദാംശം നൽകുമോ;

(സി) മെഡിക്കൽ കോളേജുകൾക്ക് താഴെയുള്ള ജനറൽ/ജില്ല/താലൂക്ക് ആശുപത്രികളെയും , സാമൂഹിക/പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയും നിലവിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും അധിക തസ്തിക സൃഷ്ടിക്കുകയും ചെയ്യതിലൂടെ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ രോഗികൾക്ക് നൽകുന്നതിന് സാധിച്ചിട്ടുണ്ട്.

(ഡി) ഇതിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിലെ ബിരുദാനന്തര വിദ്യാർത്ഥികളെ കമ്മ്യൂണിറ്റി പ്രൈമറി ഹെൽത്ത് സെന്ററിലേയ്ക്കും ജില്ല-ജനറൽ ആശുപത്രികളിലേയ്ക്കും നിയോഗിക്കുന്ന കാര്യം ഉറപ്പ് വരുത്തുമോ; വിശദാംശം വ്യക്തമാക്കുമോ?

(ഡി) മെഡിക്കൽ കോളേജുകളിലെ ബിരുദാനന്തര വിദ്യാർത്ഥികളെ നിലവിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ നിയോഗിക്കുന്നുണ്ട്. പല പകർച്ചവ്യാധികളുടെയും നിയന്ത്രണത്തിനായി PEID സെൽ, കമ്മ്യൂണിറ്റി മെഡിസിൻ എന്നീ വിഭാഗത്തിന്റെ നേതൃത്വത്തിൽ ഫീൽഡ് വിസിറ്റും മെഡിക്കൽ ക്യാമ്പുകളും മറ്റ് ബോധവത്കരണ ക്ലാസുകളും നടത്തുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**